**പള്ളിയുടെ പേര് : സെ. ജോൺസ് ഓർത്തഡോക്സ് വലിയപള്ളി, പാമ്പാക്കുട**

**വിലാസം : പാമ്പാക്കുട പി. ഒ., എറണാകുളം ജില്ല, 686 667.**

**ഫോൺ : 0485 2273999**

എ. ഡി. 1825 ൽ ആണ് പാമ്പാക്കുടയിലെ ആദ്യത്തെ ദേവാലയമായ വലിയപള്ളി സ്ഥാപിതമായത്. മാമ്മലശേരി മാർ മീഖായേൽ പള്ളിയായിരുന്നു അതിനുമുമ്പ് ഈ ദേശവാസികളുടെ ആരാധനാകേന്ദ്രം. കോനാട്ടു മൽപ്പാന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന വൈദിക വിദ്യാഭ്യാസ കേന്ദ്രവും മാമ്മലശേരി പള്ളിയിലാണ് പ്രവർത്തിച്ചിരുന്നത്. മൽപ്പാന്മാരുടെ നേതൃത്വത്തിൽ തന്നെയാണ് മാതൃ ഇടവകയിൽ നിന്നു പിരിഞ്ഞ് പാമ്പാക്കുടയിൽ പുതിയ പള്ളി സ്ഥാപിച്ചതും. മാമ്മലശേരിയിലെ അവസാനത്തെ മൽപ്പാനായിരുന്ന കോനാട്ട് ഗീവർഗീസ് മൽപ്പാൻ തന്റെ പിൻഗാമിയാകുവാൻ തക്ക ബുദ്ധിയും വൈഭവവുമുള്ള ആരെയും സ്വന്ത കുടുമ്പത്തിൽ കാണാതെ പ്രതിസന്ധിയിലായിരുന്ന സമയത്താണ് സ്വന്ത സഹോദരീ പുത്രൻ അബ്രഹാമിന്റെ കഴിവുകൾ ശ്രദ്ധിക്കാനിടയായത്. പാമ്പാക്കുടയിലെ ഇട്ടഞ്ചേരി കുടുംബത്തിലേക്ക് വിവാഹം കഴിച്ചയച്ചിരുന്ന സഹോദരിയുടെ മകൻ അബ്രഹാമിനെ ഗീവർഗീസ് മൽപ്പാൻ ഒരു സഹായിയായി കൂടെ താമസിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സാമർത്ഥ്യത്തിൽ ആകൃഷ്ടനായ മൽപ്പാൻ അബ്രഹാമിനെ തന്റെ പിൻഗാമിയാക്കി, കോനാട്ടുമൽപ്പാൻ എന്ന പദവിയും നൽകി വൈദികനാക്കി. സ്വന്ത കുടുമ്പത്തിൽ നിന്നും ശക്തമായ എതിർപ്പുണ്ടായതിനാൽ, ലൗകിക സമ്പാദ്യങ്ങൾ ഒന്നും ശിഷ്യനു നൽകാൻ മൽപ്പാനു സാധിച്ചില്ല. എന്നാൽ താൻ ഒരു നിധിപോലെ കാത്തുസൂക്ഷിച്ചിരുന്ന സുറിയാനി ഗ്രന്ഥങ്ങൾ മാത്രം ശിഷ്യനു ലഭിച്ചു. പാമ്പാക്കുടയിലേക്ക് തന്റെ ആസ്ഥാനം മാറ്റുവാൻ അബ്രഹാം മൽപ്പാനെ പ്രേരിപ്പിച്ചതും ഈ പ്രാദേശിക എതിർപ്പു തന്നെയായിരുന്നു.

1824 ഒക്ടോബർ 11 പാമ്പാക്കുട വലിയ പള്ളിയുടെ ശിലാസ്ഥാപനം നടന്നു. നെടുമ്പിള്ളിൽ ഇരവി കോരുളൻ ആണ് പള്ളി പണിയുവാൻ ആവശ്യമായ സ്ഥലം നൽകിയത്. പണിയുടെ സാമ്പത്തിക ബാദ്ധ്യത വലുതായിരുന്നു എങ്കിലും അബ്രഹാം മൽപ്പാന്റെ സ്വാധീനംകൊണ്ട് കാര്യങ്ങൾ മുട്ടില്ലാതെ നടന്നു. അന്നത്തെ മലങ്കര മെത്രാപ്പോലീത്തന്മാരായിരുന്ന പുന്നത്ര ദിവന്നാസ്യോസ് തിരുമേനിയും ചേപ്പാട്ട് ദിവന്നാസ്യോസ് തിരുമേനിയും മൽപ്പാനെ സഹായിച്ചു. കൂടാതെ സി. എം. എസ്. മിഷനറിമാരുമായി സഭ നല്ല ബന്ധങ്ങൾ സ്ഥാപിച്ചിരുന്ന കാലമായിരുന്നതിനാൽ അവരും പള്ളിപണിക്ക് സാമ്പത്തിക സഹായം നൽകി. 1825 മകരം 1ന് (ജനുവരി 13) പുതുവത്സര ദിനത്തിൽ പരി. യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ പണിതുയർത്തിയ പാമ്പാക്കുട പള്ളി ആരാധനയ്ക്കു സജ്ജമായി. വി. മൂറോൻ സുലഭമല്ലാതിരുന്ന ആ കാലങ്ങളിൽ കൂദാശചെയ്ത തബ്ലൈത്ത ഉപയോഗിക്കുക എന്നല്ലാതെ ആദ്യം തന്നെ പള്ളികൾ കൂദാശചെയ്യുന്ന പതിവൊന്നും ഉണ്ടായിരുന്നില്ല. അന്ത്യോഖ്യ പാത്രിയർക്കീസ് പത്രോസ് ത്രിതീയന്റെ അഗമനശേഷം 1877 മാർച്ച് 12 ന് അദ്ദേഹം തന്നെയാണ് പള്ളിയുടെ പൂർണ്ണമായ കൂദാശ നടത്തിയത്.

പള്ളിസ്ഥാപകനായ കോനാട്ട് അബ്രഹാം മൽപ്പാൻ 1865 ഒക്ടോബർ 28 ന് നിര്യാതനായി. 29ന് കബറടക്കപ്പെട്ടു. അന്നുമുതൽ ഈ തീയതികൾ പള്ളിയുടെ പ്രധാന പെരുന്നാളായി ആഘോഷിച്ചുവരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായ കോനാട്ടു കുടുംബത്തിലെ വൈദികരാണ് അന്നു മുതൽ പള്ളി ഭരണം നടത്തി വരുന്നത്. അബ്രഹാം മൽപ്പാന്റെ പിൻഗാമികൾ, യൂഹാനോൻ മൽപ്പാൻ (1809-1890), പിന്നീട് ഗീവർഗീസ് മാർ

യൂലിയോസ് എന്നപേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട ഗീവർഗീസ് മൽപ്പാൻ (1829–1885), മാത്തൻ കോറെപ്പിസ്ക്കോപ്പ (1860–1927) അബ്രഹാം മൽപ്പാൻ II (1908–1987) എന്നിവരായിരുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്ത ഒഴികെ എല്ലാവരും മലങ്കര മൽപ്പാൻ എന്ന സ്ഥാനം വഹിച്ചിരുന്നവരും, സഭയിലെ വൈദിക ട്രസ്റ്റിമാരും ആയിരുന്നു.

യൂഹാനോൻ മൽപ്പാൻ വികാരിയായിരിക്കെ 1883 ൽ ആണ് പള്ളിയുടെ മുഖവാരം ഇന്നു കാണും വിധം പൂർത്തീകരിച്ചത്. 1900ൽ ഉണ്ടായ ഭൂകമ്പത്തിൽ കേടുപറ്റിയ മദ്ബഹായുടെ പുനർനിർമ്മാണം 1918 ൽ മാത്തൻ കോറെപ്പിസ്ക്കോപ്പയുടെ നേതൃത്വത്തിൽ ആരംഭിച്ചു. എന്നാൽ പണികൾ പൂർത്തീകരിച്ചത് 1934 ൽ അദ്ദേഹത്തിൻ പുത്രൻ അബ്രഹാം മൽപ്പാൻ II ന്റെ കാലത്താണ്. തുടർന്ന് 2004 ൽ പള്ളിയുടെ ഇരുവശങ്ങളിലെയും വരാന്തകൾ വിപുലമാക്കി മേയുകയും, 2012 ൽ മദ്ബഹായിൽ കദൂശ് കുദ്ശീൻ നിർമ്മിച്ച് മോടിപിടിപ്പിക്കുകയും ചെയ്തു.

പാമ്പാക്കുട വലിയ പള്ളിക്ക് ഇടവകയുടെ വിവിധ ഭാഗങ്ങളിലായി നാല് കുരിശുകളും മൂന്ന് ചാപ്പലുകളുമുണ്ട്. ഇവയിൽ പള്ളിത്താഴത്തെ കുരിശിനും പള്ളിയുടെ പടിഞ്ഞാറു വശത്ത് റോഡരികിൽ കാണുന്ന കുരിശിനും പള്ളിയോളം തന്നെ പഴക്കമുണ്ടാകണം. പരി. പരുമല തിരുമേനി വിശുദ്ധനാടുകൾ സന്ദർശിച്ചു തിരികെ വന്നപ്പോൾ കൊണ്ടുവന്ന തിരുശേഷിപ്പുകൾ 1903 ൽ പള്ളിത്താഴത്തെ കുരിശിങ്കൽ സ്ഥാപിച്ചു. കോനാട്ട് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായിരുന്ന പരുമല തിരുമേനി, സ്വന്ത ഗുരുവിനോടുള്ള ബഹുമാനാർത്ഥമാണ് ഈ തിരുശേഷിപ്പുകൾ ഇവിടെ സ്ഥാപിച്ചത്. പരി. ദൈവമാതാവിന്റെ മുലപ്പാൽ വീണ സ്ഥലത്തെ മണ്ണ്, പരി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ്, ഒരു പാറമേൽ തീ കാഞ്ഞുകൊണ്ടിരുന്ന പരി. പൗലൂസ് ശ്ലീഹായുടെ കൈയിൽ സർപ്പ ദംശനമേറ്റ അതേ പാറയിൽനിന്നു പുറപ്പെടുന്ന “സർപ്പനാക്ക്” എന്ന വിശിഷ്ട വസ്തു, മൂറായുടെ മാർ സോഖെ (അഥവാ സാന്താക്ലോസ് എന്നറിയപ്പെടുന്ന സെ. നിക്കോളാസ്), മാർ ശ്മൂയേൽ, കുറിയാക്കോസ് സഹദാ എന്നിവരുടെ തിരുശേഷിപ്പുകൾ എന്നിവയാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. മാർ തോമ്മാ ശ്ലീഹായുടെ നാമത്തിൽ കാക്കൂർ ചന്തക്കു സമീപമുള്ള പഴയ കുരിശ് 1972ൽ പുതുക്കിപണിതു. എം. റ്റി. എം. കവലയിൽ മാർതോമ്മാ ശ്ലീഹായുടെ നാമത്തിലുള്ള കുരിശുപള്ളി 1972 ൽ സ്ഥാപിച്ചതാണ്.

പള്ളിയുടെ കീഴിലുള്ള ആദ്യത്തെ ചാപ്പൽ അഞ്ചൽപ്പെട്ടിയിലാണ് സ്ഥാപിക്കപ്പെട്ടത്. ആദ്യകാലം മുതൽതന്നെ അവിടെയുണ്ടായിരുന്ന ഒരു കുരിശ് 1916ൽ ഒരു കുരിശുപള്ളിയായി പണിയുകയും 1976 ൽ അത് ഒരു ചാപ്പലാക്കി ഉയർത്തുകയും ചെയ്തു. ചെട്ടിക്കണ്ടത്തിൽ പരി. പരുമല തിരുമേനിയുടെ നാമത്തിലുള്ള ചാപ്പൽ 1992 ൽ സ്ഥാപിതമായി. പരിശുദ്ധന്റെ തിരുശേഷിപ്പുകൾ അവിടെ സ്ഥാപിച്ചിരിക്കുന്നു. കാളക്കുഴി (മേമ്മുറി തെക്ക്) ഭാഗത്ത് പരി. യൽദോ മാർ ബസേലിയോസ് ബാവായുടെ നാമത്തിലുള്ള ചാപ്പൽ 2005 ൽ സ്ഥാപിക്കപ്പെട്ടതാണ്.

ആത്മീക സംഘടനകളുടെ പ്രവർത്തനങ്ങൾ ഇടവകയിൽ സജീവമായി നടക്കുന്നു. യുവജന പ്രസ്ഥാനവും, മർത്തമറിയം വനിതാസമാജവും, അനുബന്ധമായ “നവജ്യോതി മോംസ്” ന്റെ പ്രവർത്തനങ്ങളും, ബാല സമാജവും, ബാലികാ സമാജവും എല്ലാം കൃത്യമായും ചിട്ടയായും പ്രവർത്തിക്കുന്നു. നാലു സൺഡേസ്ക്കൂളുകൾ ഇടവകയുടെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. ഇടവകയെ 21 കുടുംബ യൂണിറ്റുകളായിതിരിച്ച് ക്രമീകൃതമായിതന്നെ പ്രാർത്ഥനായോഗങ്ങൾ നടത്തിവരുന്നു.

ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ



യൂത്ത് ലീഗ് സെക്രട്ടറി :ജിനു. സി. ചാണ്ടി. ചുവട്ടുകാലായിൽ



വനിതാസമാജം സെക്രട്ടറി : അമ്മിണി ജോർജ് കോളാപ്പിള്ളിൽ



പ്രാർത്ഥനായോഗം സെക്രട്ടറി : ചാക്കോ എൻ. വി. നെടുന്തടത്തിൽ

എം. ജി. ഒ. സി. എസ്. എം : ജോഷി. പി. ജോൺ പരീക്കമോളേൽ



ബാല സമാജം : മാത്യു സുബാഷ്, കുടിലിൽ പുത്തൻപുരയിൽ



**ബാലികാ സമാജം : ഡെൻസി ജോൺ, മുള്ളൻകുഴിയിൽ**

# സണ്ടേസ്ക്കൂൾ ഹെഡ്മാസ്റ്റർമാർ



**സെ. ജോൺസ് പാമ്പാക്കുട : പി. വി. ജോൺ പാറപ്പുറത്ത്**



**സെ. ജോർജ് അഞ്ചൽപ്പെട്ടി : ബേബി. പി. കുര്യാക്കോസ് പുല്ലുവേലിക്കൽ**



**സെ. തോമസ് മേമ്മുറി : സി. എസ്. പൗലോസ്, ചാത്തേനിക്കാട്ട്**



**സെ. മേരീസ് പിറമാടം : ബേബി. എ. എം, അരീക്കക്കുന്നേൽ**

**ഇടവകയിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മറ്റി അംഗം**

ജോമോൻ കെ. ജെ. കുന്നുംപുറത്ത്.

**വികാരിയുടെ വിവരങ്ങൾ**

പേര് : ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

വിലാസം : പാമ്പാക്കുട പി. ഓ., എറണാകുളം ജില്ല, 686 667.

ഫോൺ : 0485 2273133; 9447173133.

ഇ-മെയ്ൽ : frkonat@gmail.com

ഭാര്യ : നിസി ജോൺ